ധനികർ, പ്രത്യേകിച്ച ധനികരുടെ സ്ത്രീകൾ, അങ്ങനെ ചെയ്യാമോ? അയ്യോ!

ക്രിസ്തുവർഷം 1765—ൽ പ്രസിദ്ധീകരിച്ച 'ഫ്രഞ്ച് ഗ്രാൻഡ് എൻസൈക്ലോപ്പീഡിയ'യിൽ ഉരുളക്കിഴങ്ങിനെപ്പററി പറയുന്ന കൂട്ടത്തിൽ ഇങ്ങനെ ഒരു വാക്യം ഉണ്ടത്രെ: 'കൃഷിക്കാരുടെയും തൊഴിലാളികളുടെയും ആരോഗ്യമുള്ള പെരുംകടലിലൂടെ ഒരു കഷണം കാററു ചൂളമടിച്ച കടന്നുപോയാൽത്തന്നെ എന്തു്?'

അതെന്തായാലും, ഫ്രഞ്ച് വിപ്ലവകാലത്തു് മനുഷ്യവർഗത്തിൻെറ ഒരു മഹോപകാരി എന്ന നിലയിൽ പാർമെൻറിയറെ പാരീസിലെ തെരുവുകളിൽക്കൂടി ഘോഷയാത്രയായി കൊണ്ടുപോവുകയുണ്ടായി.

ഒന്നാംമഹായുദ്ധകാലത്തു് ഫ്രഞ്ച് ഗവണ്മെൻറ് പ്രസിദ്ധംചെയ്ത ഒരു ചുമർപ്പരസ്യത്തിൽ, ഉരുളക്കിഴങ്ങുപാടത്തു നിൽക്കുന്ന കൃഷീവല ദമ്പതികളെ ഉററുനോക്കുന്ന ഒരു പട്ടാളക്കാരൻെറ ചിത്രവും അടിയിൽ ഇങ്ങനെ ഒരു കുറിപ്പും ഉണ്ടായിരുന്നു: 'പട്ടാളക്കാർക്കും ഫ്രാൻസിനും വേണ്ടി ഉരുളക്കിഴങ്ങു കൃഷിചെയ്യുക.' ജർമനിയിൽ ഇത്തരം പരസ്യങ്ങളിൽ അക്കാലത്തു കണ്ടിരുന്ന ലിഖിതം മറെറാരുവിധത്തിലായിരുന്നു: 'കൂടുതൽ ഉരുളക്കിഴങ്ങു വിളയിക്കുക. ജർമൻ ഉരുളക്കിഴങ്ങ് ഇംഗ്ലണ്ടിനെ തോല്പിക്കട്ടെ!' ഇപ്പോൾ ഫ്രഞ്ചുകാരെക്കാൾ കൂടുതൽ ഉരുളക്കിഴങ്ങു ഭക്ഷിക്കുന്നതു് ജർമൻകാരാണ്.

ക്രിസ്തുവർഷം 1845—1846—ൽ 'ബ്ലൈററ്' എന്ന രോഗം ബാധിച്ച് ഐർലാൻഡിലെ ഉരുളക്കിഴങ്ങുകൃഷി ആകെ നശിച്ചു. ഇതിനെത്തുടർന്നുണ്ടായ ക്ഷാമത്തിൽ പത്തുലക്ഷത്തോളം ഐറിഷുകാർ മരിച്ചു. പത്തു ലക്ഷത്തിലേറെ ഐറിഷുകാർ അമേരിക്കയിൽ കുടിയേറിപ്പാർക്കുകയും ചെയ്തു. 1845—ൽ ഐർലൻഡിലെ ജനസംഖ്യ എൺപത്തഞ്ചുലക്ഷത്തോളമായിരുന്നു; ഇതു് 1851—ൽ അറുപത്തഞ്ചര ലക്ഷമായി ചുരുങ്ങി.

ഉരുളക്കിഴങ്ങിൽ ഇരുപതിനായിരത്തോളം വ്യത്യസ്ത ഇനങ്ങൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. 'നെപ്പോളിയൻെറ ജോസഫൈൻ', 'കൈസർവില്യം', 'ഗോയ്ഥേ' എന്നൊക്കെ പല പേരുകളിൽ ഈ ഇനങ്ങൾ ജർമനിയിൽ അറിയപ്പെടുന്നു. ജർമൻഹോട്ടലുകളിലെ വിഭവവിവരപ്പട്ടികകളിൽ(മെനുകാർഡുകളിൽ)ഇങ്ങനെയൊക്കെ കാണാമത്രെ.

കൈസർവില്യം—തൊലികളയാതെ പുഴുങ്ങിയതു്!

നെപ്പോളിയൻെറ ജോസഫൈൻ—ഇന്നു രാത്രി!

ഗോയ്ഥേ—സൂര്യകാന്തിയെണ്ണയിൽ പൊരിച്ചതു്!

മഹാകവി ഗോയ്ഥേയ്ക്കു് അങ്ങനെ പററണം. കാളിദാസൻെറ ശാകുന്തളത്തെ പുകഴ്ത്തിയ അതേ ഔദാര്യത്തോടെ അദ്ദേഹം ഉരുളക്കിഴങ്ങിനെ വാഴ്ത്തിയും കവിത എഴുതിയിട്ടുണ്ട്.

(വസ്തുതകൾ: 1987 സെപ്തംബർ 20—ലെ ജർമൻ ട്രൈബ്യൂൺ വാരികയിലെ ഒരു ലേഖനത്തിൽനിന്നു്.)

(25 ഒക്ടോബർ, 1987)

# 104. നരവാനരർ

അറയ്ക്കുന്നതോ, വെറുക്കുന്നതോ, അപകടസാദ്ധ്യതയുള്ളതോ ആയ ഒട്ടേറെ തൊഴിലുകൾ പരിഷ്കൃതജീവിതത്തിനു് ഒഴിച്ചുകൂടാത്തവയാണ്. തോട്ടികളോ, തൂപ്പുകാരോ ഇല്ലാത്ത ഒരു നഗരത്തെപ്പററി ആലോചിച്ചു

നോക്കുക. ഭൂമിക്കടിയിലെ ഇരുണ്ട തുരങ്കങ്ങളിൽ ജീവൻ പണയം വെച്ച് ചിലർ ഇറങ്ങിച്ചെന്നു പണിയെടുത്തില്ലെങ്കിൽ വിലയേറിയ പൊന്നും വെള്ളിയും രത്നങ്ങളും നമുക്ക് എവിടെനിന്നു കിട്ടാനാണ്? ചെയ്യുന്നവന്റെ നട്ടെല്ല് ഒടിക്കുന്നവയും ആവർത്തനസ്വഭാവംകൊണ്ടു മടപ്പിക്കുന്നവയുമാണ് ഇനി ഒരു കൂട്ടം തൊഴിലുകൾ. ഒരാളല്ലെങ്കിൽ മറ്റൊരാൾ ഇത്തരം തൊഴിലുകൾ ചെയ്തെങ്കിൽ മാത്രമേ നാഗരികത നിലനിൽക്കുകയുള്ളു.

ചെയ്യാൻ സ്വമേധയാ മനുഷ്യർ മുന്നോട്ടു വരാത്ത ഈമാതിരി തൊഴിലുകൾ ചിലരെക്കൊണ്ടു നിർബന്ധിച്ചുചെയ്യിക്കുന്നതിന് പണ്ടത്തെ ഇന്ത്യക്കാർ ആവിഷ്കരിച്ച സംവിധാനമാണ് ജാതിവ്യവസ്ഥ. ഈ വ്യവസ്ഥപ്രകാരം ചില തൊഴിലുകൾ ചില പ്രത്യേക ജാതികളിൽ പ്പെട്ടവർക്കായി നീക്കിവെച്ചിരിക്കുന്നു. ആ ജാതികൾക്കു വിധിക്കപ്പെട്ട തൊഴിലുകൾ അവയിൽ പിറക്കുന്നവർ ചെയ്യേ മതിയാവൂ. തന്റെ ജാതിക്കു നിശ്ചയിക്കപ്പെട്ട തൊഴിൽചെയ്തു മരിച്ചാൽത്തന്നെ അതൊരു ശ്രേയസ്സായിരിക്കും; മറിച്ച് മറ്റൊരു ജാതിക്കു നിശ്ചയിക്കപ്പെട്ട തൊഴിൽ, അതെത്രമാത്രം രസാവഹവും ആദായകരവുമായാലും, ചെയ്യുന്നതു് ഭയങ്കരമായ അധർമമാണ് (സ്വധർമേനിധനം ശ്രേയഃപരധർമോ ഭയാവഹഃ) എന്ന ബോധം ചെറുപ്പം മുതൽ ജനങ്ങളുടെ മനസ്സിൽ വളർത്തുന്നതിന് ജാതിവ്യവസ്ഥയുടെ സ്രഷ്ടാക്കൾ സഫലമായി പരിശ്രമിച്ചുവന്നു. ആന്തരമായ ഈ ധാരണയ്ക്കു പുറമെ, സമൂഹത്തിലെ കീഴ്വഴക്കങ്ങളിലൂടെയും സർക്കാരിന്റെ ദണ്ഡനീതിയിലൂടെയും പുറമെ നിന്നു നിർബന്ധം ചെലുത്തിയും പ്രത്യേക ജാതികളിൽപ്പിറന്നവരെ പ്രത്യേകം തൊഴിലുകളിൽ തളച്ചിടാൻ പ്രാചീനഭാരതീയർക്കു കഴിഞ്ഞു. സമൂഹത്തിന്റെ വളർച്ച, ഭൗതികമായും ആദ്ധ്യാത്മികമായും മുരടിച്ചുപോയതായിരുന്നു ഇതിന്റെ ദീർഘകാലഫലം.

ജനങ്ങൾ ഇഷ്ടപ്പെടാത്ത തൊഴിലുകൾ അവരെക്കൊണ്ടു നിർബന്ധമായി ചെയ്യിക്കാൻ പാശ്ചാത്യജനതകൾ കണ്ടുപിടിച്ച മാർഗം അടിമവ്യവസ്ഥയായിരുന്നു. യുദ്ധത്തിൽ തോററവരെ അടിമകളാക്കുക പാശ്ചാത്യർക്കിടയിൽ അസാധാരണമായിരുന്നില്ല. അടിമകളുടെ സന്താനപരമ്പരകളും അടിമകൾതന്നെ. അതിപ്രശസ്തങ്ങളായിരുന്ന ഗ്രീക്ക്—റോമൻ സംസ്കൃതികളെ താങ്ങിനിർത്തിയിരുന്നതു് അടിമവ്യവസ്ഥയായിരുന്നു. അമേരിക്കയിൽ കടിയേറിപ്പാർത്ത പാശ്ചാത്യർ ആ ഭൂഖണ്ഡത്തിലെ ചതുപ്പുനിലങ്ങളെയും മരുഭൂമികളെയും മികച്ച കൃഷിത്തോട്ടങ്ങളാക്കി മാററിയതു് ആഫ്രിക്കക്കാരായ അടിമകളുടെ അദ്ധ്വാനശക്തി ഉപയോഗിച്ചാണ്. തോക്കുകളുംകൊണ്ടു് ആഫ്രിക്കൻ തീരങ്ങളിലിറങ്ങി ഗ്രാമങ്ങളിൽ കണ്ണിൽക്കണ്ടവരെയെല്ലാം ആട്ടിത്തെളിച്ചു കപ്പലിൽ കയററി അമേരിക്കയിലെ അടിമച്ചന്തകളിൽ കൊണ്ടുപോയി ലേലംചെയ്തു വിൽക്കുവാൻ അന്നു് യൂറോപ്പിലെ പരിഷ്കൃതരായ നാഗരികർക്കു് യാതൊരു സങ്കോചവും ഉണ്ടായിരുന്നില്ല. പണംകൊടുത്തു തന്നെ വാങ്ങിയ യജമാനനെ വിട്ട് ഒളിച്ചോടിപ്പോകുന്ന അടിമയ്ക്കു് വധശിക്ഷ വരെ അമേരിക്കയിലെ സ്വതന്ത്രപൗരന്മാർ നൽകിപ്പോന്നു.

ഇന്നു് ജാതിവ്യവസ്ഥ തകർന്നിരിക്കുന്നു. അടിമവ്യവസ്ഥയ്ക്കു് നിലനില്പില്ലാതായിരിക്കുന്നു. മനുഷ്യസമത്വം സമൂഹത്തിൽ തികച്ചും പ്രാബല്യത്തിൽ വന്നുകഴിഞ്ഞിട്ടില്ല. എങ്കിലും ആ ആദർശത്തെ പരസ്യമായി വെല്ലുവിളിക്കാൻ ഇപ്പോൾ ആരും ധൈര്യപ്പെടുകയില്ല.

എങ്കിൽ, അറയ്ക്കുന്നതും വെറുക്കപ്പെടുന്നതുമായ തൊഴിലുകൾ ആരു ചെയ്യും?

ഈ ചോദ്യത്തിന് രണ്ടുവിധത്തിൽ പരിഹാരം കാണാനാണ്

ആധുനികശാസ്ത്രം ശ്രമിക്കുന്നതു്. ആവർത്തനസ്വഭാവമുള്ള തൊഴിലുകൾ കൃത്യമായി ചെയ്യാൻ കഴിവുള്ള യന്ത്രങ്ങളെ സൃഷ്ടിക്കുകയാണു് ഒരു പരിഹാരം. 'റോബോട്ടുകൾ' എന്നു് അറിയപ്പെടുന്ന ഇത്തരം യന്ത്രങ്ങൾ ഇപ്പോൾ വ്യാപകമായി ഉപയോഗപ്പെടുത്തിവരുന്നുണ്ടു്. ആപൽക്കരങ്ങളായ മേഖലകളിലും റോബോട്ടുകൾ പ്രവർത്തിച്ചുകൊള്ളും. നഷ്ടപ്പെടാൻ അവയ്ക്കു ജീവൻ ഇല്ലല്ലോ. അട്ടിമറിമൂലം പൊട്ടിച്ചിതറിയ 'കനിഷ്ക' എന്ന ഇന്ത്യൻ വിമാനത്തിന്റെ കഷണങ്ങൾ അത്‌ലാന്തിക് കടലിൽ വളരെ ആഴത്തിൽ മുങ്ങിത്തപ്പി പുറത്തെടുത്തതു് ചില റോബോട്ടുകളായിരുന്നു. സോവിയററ് റഷ്യയിലെ ചെർണോബിലിൽ, പൊട്ടിത്തെറിച്ച അണുവൈദ്യുതീനിലയത്തിനകത്തു കടന്നുചെന്നു് അണുപ്രസരണമുള്ള മാലിന്യങ്ങൾ തൂത്തുവാരിയതും റോബോട്ടുകൾതന്നെ. റോബോട്ടുകളെ വ്യവസായശാലകളിൽ ഉപയോഗപ്പെടുത്തുന്നതിൽ ഏററവുമധികം പുരോഗതി നേടിയ രണ്ടു രാഷ്ട്രങ്ങളാണു് ജപ്പാനും അമേരിക്കയും.

റോബോട്ടുകൾക്കു് ഒരളവോളം 'ബുദ്ധി' നൽകാം. എന്നാലും, ഒരു ജീവിയുടെ സ്വാഭാവികബുദ്ധി അവയ്ക്കുണ്ടാവാൻ പ്രയാസമാണു്. ഏറെക്കുറെ മനുഷ്യനെപ്പോലെ ചിന്തിക്കാനും പ്രവർത്തിക്കാനും കഴിവുള്ള ഒരു മനുഷ്യേതര—ജീവിയെ കിട്ടിയാൽ അറപ്പും വെറുപ്പും ഉളവാക്കുന്ന തൊഴിലുകൾ ആ ജീവിയെ ഏൽപ്പിച്ചു് മനുഷ്യനു സുഖിക്കാം. വളരെ പഴയകാലംമുതല്ക്കേ ഒരളവോളം മനുഷ്യൻ അങ്ങനെ ചെയ്തും വന്നിരുന്നു. ഭാരം വഹിക്കാൻ മൃഗങ്ങളെ ഉപയോഗിക്കാമെന്നു് ചരിത്രാരംഭത്തിൽത്തന്നെ മനുഷ്യൻ മനസ്സിലാക്കിയതാണല്ലോ. പക്ഷേ, മനുഷ്യനായ ഒരു അടിമയുടെ സ്ഥാനത്തു പ്രതിഷ്ഠിക്കാവുന്ന ഒരു മൃഗം—അതു് എന്നും ഒരു വിദൂരസ്വപ്നം മാത്രമായിരുന്നു.

ആകൃതികൊണ്ടും ബുദ്ധിശക്തികൊണ്ടും മനുഷ്യനോടു് അടുത്തുനില്ക്കുന്നവയാണല്ലോ മനുഷ്യക്കുരങ്ങുകൾ. മനുഷ്യക്കുരങ്ങുകളിൽ നാലു വർഗങ്ങളാണു് മുഖ്യം—ഗോറില്ല, ചിമ്പാൻസി, ഉറാങ്ഉട്ടാൻ, ഗിബ്ബൺ. ഇവയിൽ ഗോറില്ല ഭീമാകാരനും ആപൽക്കരനുമാണു്. ഉറാങ്ഉട്ടാനും ഗിബ്ബണും താരതമ്യേന ചെറിയവയാകുന്നു. കുറിയ മനുഷ്യരുടെയത്ര വലിപ്പമുള്ള, സൗമ്യശീലരായ ചിമ്പാൻസികളെ മനുഷ്യർ മെരുക്കി സർക്കസ്സുകളിൽ പ്രദർശിപ്പിക്കാറുണ്ടു്. മനുഷ്യർ ചെയ്യുന്നതു പലതും ചിമ്പാൻസികൾ കൗതുകകരമായി അനുകരിക്കും.

ചിമ്പാൻസിക്കു് സ്വതസ്സിദ്ധമായ ബുദ്ധി കുറേക്കൂടി വർദ്ധിപ്പിച്ചാൽ ഒരു അടിമവർഗമായി ഈ വാനരവംശത്തെ മനുഷ്യർക്കു വളർത്തിക്കൂടെ?

ചിമ്പാൻസിക്കു ബുദ്ധി വർദ്ധിപ്പിക്കാൻ ആധുനികശാസ്ത്രജ്ഞർ കണ്ട മാർഗമെന്തെന്നല്ലേ? മനുഷ്യന്റെ ബീജം പെൺ ചിമ്പാൻസിയിൽ നിക്ഷേപിച്ചു് പാതി മനുഷ്യനും പാതി ചിമ്പാൻസിയുമായ ഒരു സങ്കരജീവിയെ ഉണ്ടാക്കിയെടുക്കുക!

മുമ്പു് ഇതു് ഒരു സങ്കല്പം മാത്രമായിരുന്നു. എന്നാൽ, ഇന്നു് ഈ സങ്കല്പം പ്രായോഗികമാക്കാമെന്നു വന്നിരിക്കുന്നു. പെൺ ചിമ്പാൻസിയുടെ ബീജകോശത്തിൽ (ഓവറിയിൽ)നിന്നു മൂപ്പെത്തിയ ഒരു അണ്ഡം പുറത്തെടുക്കുക ഇപ്പോൾ പ്രയാസമുള്ള കാര്യമല്ല. ഈ അണ്ഡത്തെ മനുഷ്യന്റെ ശുക്ലാണ്ഡവുമായി ടെസ്റ്റ്ട്യൂബിൽവെച്ചു കലർത്താം. പിന്നീടു് ഈ സിക്താണ്ഡത്തെ ചിമ്പാൻസിയമ്മയുടെ ഗർഭപാത്രത്തിൽ നിക്ഷേപിക്കുകയുമാവാം. ഈ അണ്ഡം ഭ്രൂണമായി അവിടെ വളരുകയും മൂപ്പെത്തുമ്പോൾ കുട്ടിയായി സ്വയം പുറത്തുവരികയുംചെയ്യും.

ഇററലിയിൽ ഫ്ളോറൻസ് നഗരത്തിലെ സർവകലാശാലയിൽ നരവംശ ശാസ്ത്രാദ്ധ്യാപകനായ പ്രൊഫസർ ബ്രൂണെറോ ചിയാരെല്ലി

ഇത്തരം 'വാനരമനുഷ്യരെ' സൃഷ്ടിക്കുന്നതിൻെറ സാദ്ധ്യതയെപ്പററി ഇററലിയിലെ ഒരു പത്രത്തിനു നൽകിയ അഭിമുഖസംഭാഷണത്തിൽ ഈയിടെ വിസ്തരിച്ചു പ്രതിപാദിച്ചു. ഇങ്ങനെ സൃഷ്ടിക്കപ്പെടുന്ന ജീവികളെ ശമ്പളം കൊടുക്കാതെ തീററമാത്രം കൊടുത്തു്, താഴ്ന്നതരം ജോലികൾ ചെയ്യാൻ നിയോഗിക്കാമെന്നു് അദ്ദേഹം പറഞ്ഞു. ഇത്തരം ഒരു നര-വാനരനെ കൃത്രിമമായി നിർമിക്കുന്നതിനുള്ള ശ്രമം അമേരിക്കയിൽ നടക്കുകയുണ്ടായെന്നും, എന്നാൽ, പൂർത്തിയാകുംമുമ്പു് ഈ ശ്രമം ഉപേക്ഷിക്കപ്പെട്ടുവെന്നും പ്രൊഫസർ ചിയാരെല്ലി പറഞ്ഞതായി മുൻപറഞ്ഞ പത്രം രേഖപ്പെടുത്തിയിട്ടുണ്ടു്. എന്തുകൊണ്ടാണു് ഈ പരിശ്രമം അമേരിക്കയിൽ ഫലപ്രാപ്തിയിൽ എത്താതിരുന്നതെന്നു് പ്രൊഫസർ പറയുകയുണ്ടായില്ലത്രേ.

'താഴേക്കിടയിലുള്ള ജോലികൾ ചെയ്യിക്കുകയെന്ന ഉദ്ദേശത്തിനു പുറമേ, മറെറാരു ലക്ഷ്യവും നര-വാനര സൃഷ്ടിയിൽ അന്തർഭവിച്ചിട്ടുണ്ടു്. രോഗബാധിതങ്ങളായ മനുഷ്യാവയവങ്ങൾ എടുത്തുകളഞ്ഞു് അവയുടെ സ്ഥാനത്തു് ഈ സങ്കരജീവികളുടെ അവയവങ്ങൾ ഘടിപ്പിക്കുക എന്നതാണു് ഈ ലക്ഷ്യം. ഇപ്പോൾ ആരോഗ്യമുള്ള ഒരു മനുഷ്യൻെറ ഹൃദയം വിലയ്ക്കു വാങ്ങുക പ്രയാസമാണു്. കിട്ടുന്നതു് കിഡ്നിപോലെയുള്ള ഇരട്ട-അവയവങ്ങളാണു്. അവയ്ക്കുതന്നെ താങ്ങാൻ കഴിയാത്ത വില കൊടുക്കണം. നര-വാനരരുടെ ഹൃദയം മുതലായ അവയവങ്ങൾ കണ്ടിച്ചെടുക്കാൻ നിയമതടസ്സമില്ല. വൻതോതിൽ നര-വാനരസൃഷ്ടി നടക്കുന്നപക്ഷം അവയുടെ അവയവങ്ങൾ ചുരുങ്ങിയ വിലയ്ക്കു സുലഭങ്ങളാവുകയുംചെയ്യും.

ഇക്കഴിഞ്ഞ മെയ് രണ്ടാംവാരത്തിലാണു് പ്രൊഫസർ ചിയാരെല്ലിയുമായുള്ള കൂടിക്കാഴ്ച മുൻപറഞ്ഞ ഇററാലിയൻ പത്രം പ്രസിദ്ധപ്പെടുത്തിയതു്. ഈശ്വരൻെറ സൃഷ്ടിനിയമങ്ങൾക്കു് എതിരാണെന്ന കാരണത്താൽ ഇററലിയിലെ ഏതാനും കത്തോലിക്ക-ബുദ്ധിജീവികൾ ഉടൻതന്നെ ഈ ആശയത്തെ എതിർത്തു. നര-വാനരസൃഷ്ടിശ്രമങ്ങളെ നിയമം നിർമിച്ചു തടയേണ്ടതാണെന്നു് അവർ ആവശ്യപ്പെട്ടു. ഗർഭപാത്രത്തിനു പുറത്തുവെച്ചു് മനുഷ്യരുടെ അണ്ഡവും ബീജവും തമ്മിൽ കലർത്തുന്നതിനുതന്നെ കത്തോലിക്കപ്പള്ളി എതിരാണു്. അതിനാൽ, ഒരു പുതിയ സങ്കരജീവിസൃഷ്ടിയെ ഇററലിയിലെ കത്തോലിക്കർ എതിർത്തതിൽ അത്ഭുതമില്ല.

ഇത്രയും എഴുതിക്കഴിഞ്ഞപ്പോഴായിരുന്നു അടുത്ത ക്ഷേത്രത്തിൽ പുരാണപാരായണത്തിനു വന്ന പണ്ഡിതൻ എന്നെക്കാണാൻ വീട്ടിൽ വന്നതു്. എഴുതിയേടത്തോളം വായിച്ചു് അദ്ദേഹം പറഞ്ഞു: 'ഇതൊരു പുതിയ കാര്യമല്ല. നര-വാനരസൃഷ്ടി മുമ്പും ഉണ്ടായിട്ടുണ്ടു്. ശ്രീരാമാവതാരത്തിൽ സഹായിക്കാനായി ദേവന്മാർ വാനരരൂപം ധരിച്ചതു കേട്ടിട്ടില്ലേ? ഇന്ദ്രൻ ബാലിയെയും സൂര്യൻ സുഗ്രീവനെയും ബ്രഹ്മാവു് ജാംബവാനെയും വായുഭഗവാൻ ഹനുമാനെയും ജനിപ്പിച്ച കാര്യം ആരാണു് അറിയാത്തതു്? ഈ സങ്കരസൃഷ്ടിയിൽ കത്തോലിക്കർ പ്രതിഷേധിക്കേണ്ട യാതൊരു കാര്യവുമില്ല. രാമായണംകഥ കേട്ട പരിചയമുള്ള നമ്മുടെ നാട്ടിലെ കത്തോലിക്കർ ഏതായാലും ഈ സങ്കര-ജീവി-സൃഷ്ടി ശ്രമങ്ങളെ എതിർക്കുകയില്ല.'

ശരിയാണോ പണ്ഡിതൻ പറഞ്ഞതു്?

(21 ജൂൺ, 1987)